

2017 ഏപ്രിൽ 14

ദുഃഖവെള്ളി

# വചനസന്ദേശം

റവ. ഫാ. വർഗ്ഗീസ് തൊട്ടിയിൽ

അർണോസ് പാതിരിയുടെ പുത്തൻപാനയിലെ ആ വരികളിൽ രക്ഷാകരരഹസ്യം മുഴുവൻ അടങ്ങിയിട്ടുണ്ട്.

"സർവ മാനുഷർക്കും വന്ന സർവദോഷോത്തരത്തിനായി സർവനാഥൻ മിശിഹായും മരിച്ചശേഷം..."

ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കുവേണ്ടി ഒരുവൻ മരിക്കുന്നതു യുക്തമാണ് (യോഹ. 11: 50). പ്രധാന പുരോഹിതൻ എന്ന നിലയിൽ കയ്യാഫാസ് നടത്തിയ പ്രവചനമാണിത്. ക്രിസ്തുവിന്റെ മരണം സർവ മനുഷ്യന്റെയും ദോഷങ്ങൾക്കുള്ള പരിഹാരമായിരുന്നു. നമ്മൾ നശിക്കാതിരിക്കാൻ അവൻ ബലിക്കുഞ്ഞാടായി. ദുഃഖവെള്ളിയാഴ്ച നിശ്ചയമായിട്ടും നാം ധ്യാനിക്കേണ്ടത് ഈ വരികൾ തന്നെയാണ്. ക്രിസ്തുവിന്റെ സഹനം 'വിക്കേരിയസ്' എന്ന തലത്തിലാണു നാം ധ്യാനിക്കുന്നത്. പകരം ഏറ്റുവാങ്ങുന്ന സഹനം! സഹനദാസനെക്കുറിച്ചുള്ള ഏശയ്യയുടെ പ്രവചനത്തിൽ നിന്നും നാം വായിച്ചെടുക്കുന്നതും സഹനത്തിന്റെ ഈയൊരു മാനമാണ്.

ഒരാൾ ദൈവഹിതപ്രകാരം തന്റെ ജീവിതത്തെ വിനിയോഗിക്കുമ്പോൾ കടന്നുവരുന്ന സഹനങ്ങൾ മറ്റുള്ളവരുടെ രക്ഷയ്ക്കായി സമർപ്പിക്കുമ്പോൾ ആ സഹനം രക്ഷാകരമായിത്തീരുന്നു. സ്നേഹപൂർവം, പ്രാർത്ഥനാപൂർവം നമ്മൾ മറ്റൊരാൾക്കുവേണ്ടി ഏറ്റുവാങ്ങുന്ന സഹനങ്ങൾ അവർക്കുള്ള മോചനദ്രവ്യമായി മാറുന്നു. നമ്മുടെയൊക്കെ ജീവിതവുമായി ബന്ധപ്പെട്ടു സഹനത്തിന്റെ ഈ മാനത്തെ ചിന്തിച്ചെടുക്കാനാവും. എല്ലാ സഹനവും രക്ഷാകരമല്ല. ദൈവഹിതപ്രകാരം ഒരാൾ പരാതികളില്ലാതെ, കുതറാതെ, പഴിപറയാതെ ഏറ്റെടുക്കുന്ന സഹനങ്ങളാണു രക്ഷാകരമായിത്തീരുന്നത്. കുരിശിലെ മരണത്തെ ക്രിസ്തു സ്വീകരിച്ചത് ഒരു കുഞ്ഞുറങ്ങുന്ന ശാന്തതയോടെയാണ്. സ്നേഹിക്കുന്നവർക്കുവേണ്ടി മാത്രമാണ് അങ്ങനെ കുരിശുമരണങ്ങളെ ഏറ്റെടുക്കുവാൻ ഒരാൾക്കു സാധിക്കുകയുള്ളൂ. സ്നേഹമില്ലാതെ വരുമ്പോൾ, നീതിമാന്റെ സഹനത്തിനു വിലയില്ലാതാവുന്നു. " തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." തന്നിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ രക്ഷ പ്രാപിക്കാൻ വേണ്ടിയാണു ദൈവം ഇങ്ങനെ സ്നേഹിച്ചത്. നമ്മുടെ ജീവിതത്തിലെ സഹനങ്ങളെ രക്ഷാകരമാക്കി തീർക്കാൻ നമുക്കതു മറ്റുള്ളവരുടെ സൗഖ്യത്തിനായി, മാനസാന്തരത്തിനായി, ശാന്തിക്കായി കാഴ്ചവയ്ക്കാം.

"പിതാവേ നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു."

ലോകത്തിലെ ഏറ്റവും ക്രൂരമായ ഒരു പീഡാസഹനത്തിന്റെ ഒടുവിലാണ് ഈശോ ഈ വാക്കുകൾ പറയുന്നത്. ജീവിതത്തെ ദൈവത്തിന്റെ പദ്ധതിയോടു ചേർത്തുനിർത്തുന്ന ഒരു വിശ്വാസിയുടെ അന്തരംഗത്തിൽനിന്നു നിരന്തരം ഉയരേണ്ട സംതൃപ്തിയുടെ മൊഴികളാണിത്. എന്റെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാക്കാര്യങ്ങളുടെയും ദൈവികപദ്ധതിയോടു ബന്ധപ്പിച്ചു കാണാൻ ശ്രമിക്കുന്ന ഒരു വിശ്വാസിയുടെ ഹദയത്തിൽ നിന്നു നിരന്തരം കടന്നുവരേണ്ട പ്രത്യുത്തരമാണിത്. "ദൈവമേ, നിന്റെ കരങ്ങളിൽ..." എന്തിനു സഹിക്കേണ്ടിവരുന്നു എന്ന എന്റെ വിലാപങ്ങൾക്ക് എപ്പോഴും ഉത്തരം കിട്ടിയില്ലെന്നു വരാം. പക്ഷേ, ദൈവമേ ഒന്നെനിക്കറിയാം, നീ അറിയാതെ ഒന്നും സംഭവിക്കുന്നില്ല. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമുള്ള എന്റെ ദൈവത്തിന്റെ മനസ്സിൽ എന്റെ സഹനങ്ങൾക്കും ഉത്തരമുണ്ട്. ഏതാണ്ട് 103 വർഷങ്ങൾക്കുമുമ്പു സാധു കൊച്ചുകുഞ്ഞ് ഉപദേശി പ്രാർത്ഥിച്ചതു നമ്മൾ പാട്ടായി പാടാറില്ലേ;

"ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ സന്തോഷത്തോടെ അതു വാങ്ങി ഹല്ലേലൂയ്യാ പാടീടും ഞാൻ."

അത്തരത്തിലൊരു വിശ്വാസജീവിതം നയിച്ചു ജീവിതത്തെ രക്ഷാകരമാക്കാൻ ദുഃഖവെള്ളിയാഴ്ചത്തെ ധ്യാനചിന്തകൾ ഒരു വിശ്വാസിയെന്ന നിലയിൽ നമ്മോട് ആവശ്യപ്പെടുന്നുണ്ട്.

3. "പിതാവേ, ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയുന്നില്ല."

ലോകത്തിലെ ഏറ്റവും ക്രൂരവും വേദനാജനകവുമായ മരണം ഏറ്റുവാങ്ങുമ്പോൾ ഈശോ പറയുന്ന ഈ വാക്കുകൾ, ഈശോയിൽ വിശ്വസിക്കുന്ന നമ്മുടെ ജീവിതങ്ങളെ ദീപ്തമാക്കുന്നുണ്ടോ? ആരും ഒന്നും അറിയുന്നില്ല. അകാരണമായിട്ടു തന്നെ ഒരുപക്ഷേ, നാം ഒത്തിരി മുറിവേല്പിക്കപ്പെടുന്നുണ്ട്. എന്നാലും ക്ഷമയോടെ സഹിഷ്ണുതയോടെ നിലകൊള്ളാൻ ക്രിസ്തുവിലുള്ള വിശ്വാസം നമ്മെ പര്യാപ്തമാക്കുന്നുണ്ടോ? നമ്മെ വേദനിപ്പിച്ചവർ അറിയുന്നില്ല, നമ്മുടെ ഉറക്കമില്ലാത്ത രാവുകളെപ്പറ്റി, പ്രാർത്ഥനയിൽ നാം ചൊരിഞ്ഞ കണ്ണീരിനെപ്പറ്റി. നമ്മുടെ സത്പേരിനു കളങ്കം വരുത്തിയവരുണ്ട്. നമ്മുടെ ഗൃഹജീവിതത്തെ നശിപ്പിച്ചവരുണ്ട്. വെള്ളിയിലെ ധ്യാനചിന്തകൾ പിന്നെയും നമ്മെ ഓർമിപ്പിക്കുന്നു.

4. ഒടുവിലായി, കുരിശ് ഒരു കഴുമരമല്ല മറിച്ചു വിരിച്ചുപിടിച്ച ക്രിസ്തുവിന്റെ കരങ്ങൾ ചേർന്നാണു കുരിശിനെ സാദ്ധ്യമാക്കുന്നത്. എല്ലാവരെയും സ്നേഹിക്കുന്ന, എല്ലാവരെയും ഉൾക്കൊള്ളുന്ന, മറ്റുള്ളവരുടെ ജീവിതത്തിനായി നിലപാടു സ്വീകരിക്കുന്ന ഏതൊരാൾക്കും ജീവിതം കുരിശായി മാറിയേക്കാം.